## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1080 — 20-03-2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

# ഭൂമി ഏറ്റെടുക്കുന്നതിനും ഭൂരഹിതർക്കു നൽകുന്നതിനും നടപടി

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കുടുംബങ്ങൾക്ക് ഇതേവരെ പട്ടയം നൽകി ; ജില്ല തിരിച്ചു വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആകെ 16,469 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ജില്ലാ തിരിച്ചുള്ള വിവരം അനുബന്ധം I ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര ഏക്കർ ഭൂമിയാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഏറ്റെടുത്തത് ; ജില്ല തിരിച്ചു വ്യക്തമാക്കുമോ ; | (ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആകെ 2071 ഏക്കർ (837.96 ഹെക്ടർ) സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (സി) ഇപ്രകാരം ഏറ്റെടുത്ത ഭൂമി സംരക്ഷിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ; | (സി) ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി ലാന്റ് ബാങ്കിൽ ചേർത്ത് സംരക്ഷിക്കുന്നതിനൊടൊപ്പം തന്നെ താഴെചേർത്തിരിക്കുന്ന മാർഗ്ഗങ്ങളും ഭൂമി സംരക്ഷണത്തിനായി അവലംബിക്കുന്നു.<br>i) പൊതുജനങ്ങളുടെ സഹായത്തോടുകൂടി സർക്കാർ ഭൂമി സംരക്ഷണം ഉറപ്പാക്കുന്നതിന് മുഴുവൻ വിവരങ്ങളും എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ഭൂമിയുടെ ഫോട്ടോ, സ്കെച്ച് മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ശേഖരിച്ച് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി **www.kslb.kerala.gov.in** |

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്രകാരം രേഖപ്പെടുത്തിയ സർക്കാർ ഭൂമിയിൽ കൈയ്യേറ്റം നടക്കുകയാണെങ്കിൽ അക്കാര്യം തൽസമയം അറിയിക്കുന്നതിനായി 18004255255 (**Toll free**) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ii) സർക്കാരിന്റെ നേരിട്ടുള്ള ഭൂ സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ ഭൂമി കൈയ്യേറുന്നവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് 2009-ൽ ഭൂ സംരക്ഷണ നിയമത്തിൽ കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. ഇപ്പോൾ സർക്കാർ ഭൂമി കൈയ്യേറുന്നവർക്കും അതിന് സഹായിക്കുന്നവർക്കും 3 വർഷം മുതൽ 5 വർഷം വരെ തടവുശിക്ഷയും, 5000 മുതൽ 2 ലക്ഷം രൂപ വരെ പിഴ ശിക്ഷയും, നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 0.20.23 ഹെക്ടർ (50 സെന്റിൽ) വിസ്തീർണ്ണത്തിൽ കൂടുതലുള്ള സർക്കാർ ഭൂമി "ജണ്ട" ഇട്ട് സംരക്ഷിക്കാനുള്ള നടപടിയ്ക്ക് 24.1.2012 -ൽ ദേവികുളത്ത് ബഹു. റവന്യൂ വകുപ്പുമന്ത്രി തുടക്കം കുറിച്ചിട്ടുണ്ട്.

iii) സർക്കാർ ഭൂമിയുടെ നിരീക്ഷണത്തിനായും കൈയ്യേറ്റം കണ്ടെത്തിയാൽ പ്രാഥമിക ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുന്നതിനുമായി പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് (**PLPF**) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിമുക്തഭടന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രസ്തുത സേനയുടെ 15 അംഗ ദൗത്യസംഘം ഇടുക്കി ജില്ലയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സജ്ജീകരിക്കപ്പെട്ടിട്ടുള്ളതും സേനയുടെ പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഇതിന്റെ ഫ്ലാഗ് ഓഫ് ചടങ്ങ് 27.3.2012-ൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) സർക്കാർ ഏറ്റെടുക്കുന്ന ഭൂമി ഉടൻ തന്നെ ഭൂരഹിതർക്കു നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) 2015-ാമാണ്ടോടുകൂടി കേരള സംസ്ഥാനത്തിനെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആ ലക്ഷ്യം മുൻനിറുത്തികൊണ്ട് ' സീറോ ലാൻഡ്‌ലെസ് സിറ്റിസൺസ് 2015 എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക്, അതാത് വില്ലേജ് ഓഫീസുകളിൽ നിന്നും 5 രൂപ ഒടുക്കി ലഭ്യമാക്കാവുന്ന അപേക്ഷകളിൽ വിവരങ്ങൾ പൂരിപ്പിച്ച് സമർപ്പിക്കാവുന്നതും 15.8.2012-ൽ അന്തിമ ലിസ്റ്റ് പുറപ്പെടുവിക്കുന്നതുമാണ്. ഭൂരഹിതരായിട്ടുള്ളവർക്ക് അർഹതയനുസരിച്ച് ഈ സർക്കാർ പദ്ധതിയുടെ ഗുണഭോക്താക്കളാക്കവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ജില്ല | വിതരണം ചെയ്ത പട്ടയങ്ങൾ |
|---|---|
| തിരുവനന്തപുരം | 978 |
| കൊല്ലം | 429 |
| പത്തനംതിട്ട | 406 |
| ആലപ്പുഴ | 978 |
| കോട്ടയം | 598 |
| ഇടുക്കി | 2150 |
| എറണാകുളം | 2022 |
| തൃശ്ശൂർ | 551 |
| പാലക്കാട് | 2637 |
| മലപ്പുറം | 1960 |
| കോഴിക്കോട് | 1387 |
| വയനാട് | 216 |
| കണ്ണൂർ | 1287 |
| കാസർഗോഡ് | 870 |
| ആകെ | 16469<br>======== |

Thulasidharan pk
സെക്ഷൻ ഓഫീസർ

## അനുബന്ധം II

| ജില്ല | സർക്കാർ ഏറ്റെടുത്ത ഭൂമി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 0.1790 |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | ഇല്ല |
| ഇടുക്കി | 781.07 |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | 0.6519 |
| പാലക്കാട് | 29.1344 |
| മലപ്പുറം | 6.5035 (മിച്ചഭൂമി) |
| കോഴിക്കോട് | 6.1191 (മിച്ചഭൂമി) |
| വയനാട് | ഇല്ല |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 14.3021 |
| ആകെ | 837.96 ഹെക്ടർ (2071 ഏക്കർ) |